## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** **23-01-2025 - ൽ മറുപടിയ്ക്ക്**

## 'ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻആരോഗ്യ യോജന പദ്ധതി'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 'ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻആരോഗ്യ യോജന പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | 2019 വർഷം മുതൽ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻആരോഗ്യ യോജന പദ്ധതി ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കി വരുന്നു. ആദ്യ വർഷം ഇൻഷ്വറൻസ് മാതൃകയിലും 2020 മുതൽ തുടർന്നുള്ള വർഷങ്ങളിൽ അഷ്വറൻസ്/ട്രസ്റ്റ് മാതൃകയിലുമായി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.<br><br>RSBY/CHIS ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2018-19 ൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളാണ് ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ (AB-PMJAY/KASP) അർഹരായിട്ടുള്ളത്. 2019 വരെ RSBY പദ്ധതിയിൽ സജീവമായിട്ടുണ്ടായിരുന്ന കുടുംബങ്ങളും 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ടിട്ടുള്ള അവശ വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങളും ഉൾപ്പെടെ ഏകദേശം 42 ലക്ഷം കുടുംബങ്ങളെയാണ് കാസ്പ് പദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>ഗുണഭോക്താക്കൾക്ക് ചികിത്സാ സേവനങ്ങൾ പദ്ധതി മുഖാന്തരം എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 588 സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും ആരോഗ്യ ആനുകൂല്യ പാക്കേജുകൾക്കനുസൃതമായി പണരഹിതമായി ലഭ്യമാണ്. ഇതിൽ വാർഡ്/ ഐ.സി.യു/വെന്റിലേറ്റർ വിഭാഗങ്ങളിലുള്ള കിടത്തി ചികിത്സകളും കീമോ തെറാപ്പി, ഡയാലിസിസ് തുടങ്ങിയ ചികിത്സകൾ 'ഡേ കെയർ' രീതിയിലും നൽകി വരുന്നുണ്ട്. ഗുണഭോക്താക്കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, ചികിത്സാ സംബന്ധമായ രേഖകൾ എന്നിവ നൽകുന്നതിനായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആശുപത്രികളിലും കാസ്പ് പദ്ധതി കിയോസ്കുകൾ ആശുപത്രികളുടെ സഹകരണത്തോടെ സജ്ജമാക്കിയിട്ടുണ്ട്. ഒരു |

| | | | |
|---|---|---|---|
| | | | കുടുംബത്തിന് ഓരോ വർഷവും പരമാവധി 5 ലക്ഷം രൂപയുടെ സേവനങ്ങളാണ് ഇത്തരത്തിൽ ലഭ്യമാകുന്നത്. പൊതുജനങ്ങൾക്കും ഗുണഭോക്താക്കൾക്കും പരാതി പരിഹാര സംവിധാനത്തിനായി ദിശ ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ, ജില്ലാ/സംസ്ഥാന തല പരാതി പരിഹാര സമിതികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പരിധിയിൽ ഉൾപ്പെടുന്നവരുടെ വിവരം ലഭ്യമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ? | (സി) | നാളിതുവരെ പ്രസ്തുത പദ്ധതിയിൽ 41.99 ലക്ഷം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കുടുംബങ്ങളിലായി 72.29 ലക്ഷം ഗുണഭോക്താക്കൾക്ക് കാർഡ് നൽകിയിട്ടുണ്ട്. 41.99 ലക്ഷം കുടുംബങ്ങളിൽ 18.02 കുടുംബങ്ങൾ മുഴുവനായും സംസ്ഥാന സർക്കാർ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ